# വേൾഡ് സോഷ്യൽ ഫോറം കേരളസംഗമം ഡിസം.26ന് തുടങ്ങുന്നു

തിരുവനന്തപുരം: വേൾഡ് സോഷ്യൽ ഫോറം കേരളാ സംഗമത്തിന് ഒരുക്കങ്ങൾ പൂർത്തിയാകുന്നു. ഡിസംബർ 26 മുതൽ 29 വരെ വഴുതക്കാട് കോട്ടൺഹിൽ ഹൈസ്കൂളിലാണ് പരിപാടി.

ഡബ്ല്യു.ടി.ഒ വിരോധി അഭിയാൻ നേതാവ് എസ്. പി. ശുക്ല കേരളസംഗമം ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി-സാംസ്കാരിക സംഘടനകൾ, ദളിത് സംഘടനകൾ, ആദിവാസി സംഘടനകൾ, സ്ത്രീ സംഘടനകൾ, സന്നദ്ധസംഘടനകൾ, ട്രേഡ് യൂനിയനുകൾ, പരമ്പരാഗത വ്യവസായ മേഖലാ സംഘടനകൾ, സാംസ്കാരിക സംഘടനകൾ എന്നിങ്ങനെ നൂറോളം സംഘടനകൾ പങ്കെടുക്കും. 10 വേദികളിലായി 37 സെമിനാറുകൾ, 4 കോൺഫ്രൻസുകൾ, 80 വർക്ക്ഷോപ്പുകൾ എന്നിവയുണ്ടായിരിക്കും. ദിവസവും പകൽ ഓപ്പൺ ഫോറവും രാത്രി 'മറ്റൊരു കേരളത്തെപ്പറ്റിയൊരു ചിന്ത' കൂടിച്ചേരലും ഉണ്ടാകും. വൈകീട്ട് സാംസ്കാരിക പരിപാടികൾ ഒരുക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ചുള്ള കവിയരങ്ങിൽ നാൽപതോളം കവികൾ പങ്കെടുക്കും. 28ന് വൈകീട്ട് 3.30ന് കോട്ടൺഹിൽ ഹൈസ്കൂൾ മുതൽ രക്തസാക്ഷിമണ്ഡപം വരെ സാംസ്കാരികയാത്രയും സംഘടിപ്പിക്കുന്നുണ്ട്. സംഗമത്തിന്റെ ഭാഗമായി ആഗോളവൽക്കരണത്തിനെതിരെയുള്ള പ്രവർത്തനങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കും.

പരിപാടിയിൽ പങ്കെടുക്കുന്നവർക്കായി അടിസ്ഥാനതാമസസൗകര്യം ഒരുക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീ ഇല്ല. കൂടുതൽ വിവരങ്ങൾക്ക് 0471-475668, 472365, 460256.